റോഡ് വികസനം

23(* 113) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദ്യേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി 6000 കി.മീ. പാതകൾ ഉൾപ്പെടുത്താനാണ് ധാരണ. സാമൂഹികവും സാമ്പത്തികവുമായ വികസന മാനദണ്ഡങ്ങൾ വച്ചാണ് പാതകൾ തെരഞ്ഞെടുക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് സഹായമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും സമഗ്ര വികസനത്തിനായി സംസ്ഥാന റോഡുവികസന പദ്ധതി (SRIP) നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.) എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ദേശീയ നിലവാരത്തിൽ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ, കലുങ്കുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, റോഡു സുരക്ഷ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ് ഷെൽറ്ററുകൾ, തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കുക ഇതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ടി.പി. മുഖാന്തരം നാലു പാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു കൈന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള ദർഘാസ് നടപടികൾ തുടങ്ങിയിട്ടുണ്ട്. കൺസൾട്ടന്റുമാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കൽ നടന്നുകൊണ്ടിരിക്കുന്നു. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് മുഖാന്തരം പ്രോജക്ട് റിഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായി റോഡു വികസനം നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റിഹാബിലിറ്റേഷൻ പാക്കേജിൽപ്പെട്ട 106.2 കി.മി. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ബൈപ്പാസുകൾ

24(* 114) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൈപാസുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) ബൈപ്പാസുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നഗരങ്ങളിൽ നിലനിൽക്കുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും ഇന്ധനം കൂടാതെ യാത്രാ സമയം ലാഭിക്കുന്നതിനും സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ബൈപ്പാസുകളുടെ നിർമ്മാണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ദേശീയപാത വിഭാഗത്തിൻ കീഴിൽ നിർമ്മാണം ഏറ്റെടുത്തു നടത്തി വരുന്ന വിവിധ ബൈപ്പാസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly